**മധുരമായ കുട്ടികളേ ശിവബാബയോട് ആദരവുണ്ടെങ്കിൽ ബാബയുടെ ശ്രീമതം അനുസരിച്ച് നടന്നുകൊണ്ടിരിക്കൂ, ശ്രീമതത്തിലൂടെ നടക്കുക എന്നതാണ് ശിവബാബയെ ബഹുമാനിക്കൽ.**

**ചോദ്യം :** കുട്ടികൾ അച്ഛനേക്കാൾ വലിയ ഇന്ദ്രജാലക്കാരാണ് എങ്ങനെ?
**ഉത്തരം :** ഉയർന്നതിലും ഉയർന്ന ബാബയെ തന്റെ കുട്ടിയാക്കി മാറ്റുക, ശരീരവും മനസ്സും ധനവും കൊണ്ട് ബാബയെ തന്റെ അവകാശിയാക്കി മാറ്റി ബലിയാവുക ഇത് കുട്ടികളുടെ ഇന്ദ്രജാലമാണ്. ഇപ്പോൾ ഭഗവാനെ അവകാശിയാക്കുന്നത് ആരാണോ അവർ 21 ജന്മങ്ങളിലേയ്ക്ക് സമ്പത്തിന് അധികാരിയായി മാറുന്നു.

**ചോദ്യം :** ഏത് കുട്ടികൾക്ക് വേണ്ടിയാണ് ട്രിബ്യൂണൽ(കോടതി) കൂടുക?
**ഉത്തരം :** ആരാണോ ദാനം ചെയ്ത വസ്തുവിനെ തിരിച്ച് എടുക്കുന്നതിനുള്ള സങ്കല്പം വെയ്ക്കുന്നത്, മായയ്ക്ക് വശപ്പെട്ട് ഡിസ്സർവ്വീസ് ചെയ്യുന്നത് അവർക്കുവേണ്ടിയാണ് കോടതി കൂടുന്നത്.

ഓംശാന്തി. വിചിത്രനായ ആത്മീയ അച്ഛൻ ഇരുന്ന് വിചിത്രരായ കുട്ടികൾക്ക് മനസ്സിലാക്കിത്തരുകയാണ് അർത്ഥം ദൂരദേശത്ത് വസിക്കുന്നയാളെയാണ് പരമപിതാ പരമാത്മാവ് എന്ന് വിളിക്കുന്നത്. വളരെ വളരെ ദൂരദേശത്ത് നിന്നുവന്ന് ഈ ശരീരത്തിലൂടെ നിങ്ങളെ പഠിപ്പിക്കുന്നു. ഇപ്പോൾ ആരാണോ പഠിക്കുന്നത് അവർക്ക് പഠിപ്പിക്കുന്നവരുമായി സ്വതവേ യോഗമുണ്ടാകും. ടീച്ചറുമായി യോഗം വെയ്ക്കൂ അഥവാ അവരെ ഓർമ്മിക്കു എന്ന് പറയേണ്ടതായി വരില്ല. ഇവിടെ ബാബ പറയുന്നു അല്ലയോ ആത്മീയ കുട്ടികളേ, ബാബ നിങ്ങളുടെ അച്ഛനുമാണ്, ടീച്ചറുമാണ്, ഗുരുവുമാണ് എന്നോട് യോഗം വെയ്ക്കൂ അർത്ഥം ബാബയെ ഓർമ്മിക്കു. ഇത് വിചിത്രനായ ബാബയാണ്. നിങ്ങൾ ഇടക്കിടെ ബാബയെ മറന്നുപോകുന്നു അതിനാലാണ് പറയേണ്ടി വരുന്നത്. പഠിപ്പിക്കുന്നയാളെ ഓർമ്മിക്കുന്നതിലൂടെ നിങ്ങളുടെ പാപങ്ങൾ ഭസ്മമാകും. എന്നെ നോക്കൂ, ഇതിൽ വളരെ അധികം പ്രയോജനമുണ്ട് എന്ന് ടീച്ചർ പറയുക അങ്ങിനെയൊരു നിയമമില്ല. ബാബ പറയുന്നു കേവലം എന്നെ മാത്രം ഓർമ്മിക്കു. ഈ ഓർമ്മയുടെ ബലത്തിലൂടെയാണ് നിങ്ങളുടെ പാപം മുറിയേണ്ടത്, ഇതിനെയാണ് ഓർമ്മയുടെ യാത്ര എന്നു പറയുന്നത്. ഇപ്പോൾ വിചിത്രനായ ആത്മീയ പിതാവ് കുട്ടികളെ നോക്കുകയാണ്. കുട്ടികളും സ്വയം ആത്മാവാണെന്ന് മനസ്സിലാക്കി ബാബയെത്തന്നെയാണ് ഓർമ്മിക്കുന്നത്. നിങ്ങൾ ഇടക്കിടെ ശരീരത്തിൽ വരുന്നു. ഞാൻ മുഴുവൻ കല്പത്തിലും ശരീരത്തിലേയ്ക്ക് വരുന്നില്ല ഈ സംഗമയുഗത്തിൽ മാത്രമാണ് വളരെ ദൂരദേശത്തുനിന്ന് വരുന്നത് നിങ്ങൾ കുട്ടികളെ പഠിപ്പിക്കുന്നതിനായി. ഇത് നല്ല രീതിയിൽ ഓർമ്മിക്കണം. ബാബ നമ്മുടെ അച്ഛനും ടീച്ചറും സദ്ഗുരുവുമാണ്. വിചിത്രനാണ്. ബാബയ്ക്ക് സ്വന്തമായി ശരീരമില്ല, പിന്നെ വരുന്നത് എങ്ങനെയാണ്? പറയുന്നു എനിക്ക് പ്രകൃതിയുടെ, മുഖത്തിന്റെ ആധാരം എടുക്കേണ്ടതായി വരുന്നു. ഞാൻ വിചിത്രനാണ്. നിങ്ങൾ എല്ലാവരും ചിത്രമുള്ളവരാണ്. എനിക്ക് തീർച്ചയായും രഥം വേണമല്ലോ. കുതിര വണ്ടിയിലോ ഒന്നും വരില്ലല്ലോ. ബാബ പറയുന്നു ഞാൻ ഈ ശരീരത്തിൽ പ്രവേശിക്കുകയാണ്, ആരാണോ നമ്പർ വൺ അവർ തന്നെയാണ് ലാസ്റ്റ് നമ്പറിൽ വരുന്നത്. ആരാണോ സതോപ്രധാനമായിരുന്നത് അവർ തന്നെയാണ് തമോപ്രധാനമായി മാറുന്നത്. അതുകൊണ്ട് അവരെത്തന്നെയാണ് വീണ്ടും സതോപ്രധാനമായി മാറുന്നതിനായി ബാബ പഠിപ്പിക്കുന്നത്. മനസ്സിലാക്കിത്തരുന്നു ഈ രാവണ രാജ്യത്തിൽ 5 വികാരങ്ങൾക്കുമേൽ വിജയം നേടി നിങ്ങൾ കുട്ടികൾക്ക് ജഗദ്ജീത്തായി മാറണം. കുട്ടികളേ നിങ്ങൾ ഈ കാര്യം ഓർമ്മ വെയ്ക്കണം അതായത് നമ്മെ വിചിത്രനായ ബാബയാണ് പഠിപ്പിക്കുന്നത്. ബാബയെ ഓർമ്മിക്കുന്നില്ലെങ്കിൽ പാപം എങ്ങനെ ഭസ്മമാകും. ഈ കാര്യങ്ങളെല്ലാം സംഗമയുഗത്തിൽ മാത്രമാണ് കേൾക്കുന്നത്. ഒരു തവണ എന്തെല്ലാം സംഭവിക്കുന്നുവോ അതെല്ലാം കല്പത്തിനുശേഷവും ആവർത്തിക്കും. എത്ര നല്ല അറിവാണ്. ഇതിൽ വളരെ വിശാലമായ ബുദ്ധി ആവശ്യമാണ്. ഇത് ഏതെങ്കിലും സാധു സന്യാസിമാരുടെ സത്സംഗമല്ല. ബാബയെ അച്ഛൻ എന്നും പറയുന്നുണ്ട് കുട്ടി എന്നും പറയുന്നുണ്ട്. നിങ്ങൾക്ക് അറിയാം ഇത് നമ്മുടെ അച്ഛനുമാണ്, കുട്ടിയുമാണ്. നമ്മൾ ഈ കുട്ടിയ്ക്ക് സമ്പത്തായി എല്ലാം നൽകി ബാബയിൽ നിന്നും 21 ജന്മങ്ങളിലേയ്ക്ക് സമ്പത്ത് എടുക്കുന്നു. പാഴ്വസ്തുക്കൾ എല്ലാം ബാബയ്ക്ക് നൽകി നമ്മൾ വിശ്വത്തിന്റെ ചക്രവർത്തീ പദവി നേടുന്നു. പറയുന്നു ബാബാ ഞങ്ങൾ ഭക്തിമാർഗ്ഗത്തിൽ പറഞ്ഞിരുന്നു എപ്പോൾ അങ്ങ് വരുന്നുവോ അപ്പോൾ ഞങ്ങൾ ശരീരം, മനസ്സ്, ധനം സഹിതം അങ്ങയിൽ ബലിയാവും. ലൗകിക പിതാവും കുട്ടികളിൽ ബലിയാകുമല്ലോ. അതിനാൽ ഇവിടെ നിങ്ങൾക്ക് എങ്ങനെയുള്ള വിചിത്രനായ ബാബയെയാണ് ലഭിച്ചിരിക്കുന്നത്, അച്ഛനെ ഓർമ്മിച്ചാൽ നിങ്ങ

ളുടെ പാപം ഭസ്മമാകും മാത്രമല്ല തന്റെ വീട്ടിലേയ്ക്ക് പോകാനും സാധിക്കും. എത്ര ദീർഘയാത്രയാണ്. നോക്കൂ ബാബ എവിടേയ്ക്കാണ് വരുന്നതെന്ന്! പഴയ രാവണ രാജ്യത്തിൽ. പറയുന്നു എന്റെ ഭാഗ്യത്തിൽ പാവനമായ ശരീരം ലഭിക്കുക എന്നത് ഇല്ല. പതിതരെ പാവനമാക്കി മാറ്റാൻ എങ്ങനെ വരും. എനിക്ക് പതിതലോകത്തിൽ തന്നെ വന്ന് എല്ലാവരേയും പാവനമാക്കേണ്ടതായി വരുന്നു. അതിനാൽ ഇങ്ങനെയുള്ള ടീച്ചറെ ബഹുമാനിക്കണമല്ലോ. ബഹുമാനം എന്താണ് എന്നത് പോലും അറിയാത്ത ഒരുപാടുപേരുണ്ട്. ഇതും ഡ്രാമയിൽ സംഭവിക്കേണ്ടത് തന്നെയാണ്. രാജധാനിയിൽ നമ്പർവൈസ് ആയി എല്ലാവരും വേണമല്ലോ. അതിനാൽ എല്ലാപ്രകാരത്തിലുള്ളവരും ഇവിടെത്തന്നെയാണ് ഉണ്ടാകുന്നത്. കുറഞ്ഞ പദവി നേടുന്നവരുടെ സ്ഥിതി ഇതായിരിക്കും. പഠിക്കുകയുമില്ല ബാബയെ ഓർമ്മിക്കുകയുമില്ല. ഇത് വളരെ വിചിത്രനായ ബാബയല്ലേ, ബാബയുടെ പെരുമാറ്റവും അലൗകികമാണ്. ഇവരുടെ പാർട്ട് മറ്റാർക്കും ലഭിക്കുക സാധ്യമല്ല. ബാബ വന്ന് നിങ്ങളെ എത്ര ഉയർന്ന പഠിപ്പാണ് പഠിപ്പിക്കുന്നത്, അതിനാൽ ബാബയോട് ബഹുമാനവും ഉണ്ടാകണം. ബാബയുടെ ശ്രീമതത്തിലൂടെ നടക്കണം. പക്ഷേ മായ അടിക്കടി മറപ്പിക്കുന്നു. മായ ഇത്രയും ശക്തിശാലിയാണ് അത് നല്ല നല്ല കുട്ടികളേപ്പോലും വീഴ്ത്തിക്കളയും. ബാബ എത്രത്തോളം ധനവാനാക്കി മാറ്റുന്നു എന്നാൽ മായ പൂർണ്ണമായും തലതിരിക്കുന്നു. മായയിൽ നിന്നും രക്ഷപ്പെടണമെങ്കിൽ തീർച്ചയായും ബാബയെ ഓർമ്മിക്കേണ്ടിവരും. വളരെയധികം നല്ല കുട്ടികളുണ്ട് അവർ ബാബയുടേതായി മാറിയിട്ട് പിന്നീട് മായയുടേതാകും, കാര്യം ചോദിക്കുകയേ വേണ്ട, തീർത്തും കുലദ്രോഹിയായി മാറുന്നു. മായ മൂക്കിന് പിടിക്കുന്നു. ആനയെ മുതല പിടിച്ചതായി പാട്ടുമുണ്ടല്ലോ. പക്ഷേ അതിന്റെ അർത്ഥം ആരും മനസ്സിലാക്കുന്നില്ല. ബാബ ഓരോ കാര്യങ്ങളും നല്ല രീതിയിൽ മനസ്സിലാക്കിത്തരുന്നു. ചില കുട്ടികൾ മനസ്സിലാക്കുന്നുണ്ട് പക്ഷേ നമ്പർവൈസ് പുരുഷാർത്ഥം അനുസരിച്ചാണ്. ചിലർക്കാണെങ്കിൽ അല്പം പോലും ധാരണയാവുന്നില്ല. വളരെ ഉയർന്ന പഠിപ്പല്ലേ. അതിനാൽ അവർക്ക് ധാരണ ചെയ്യാൻ സാധിക്കുന്നില്ല. ബാബ പറയും ഇവരുടെ ഭാഗ്യത്തിൽ രാജ്യഭാഗ്യം ഇല്ല. ചിലർ എരിക്കിന്റെ പൂവാണ് ചിലരാണെങ്കിൽ സുഗന്ധമുള്ള പുഷ്പങ്ങളാണ്. വൈവിദ്ധ്യമാർന്ന പൂന്തോട്ടമല്ലേ. ഇങ്ങനെ വേണമല്ലോ. രാജധാനിയിൽ നിങ്ങൾക്ക് അനേകം ജോലിക്കാരെയും ലഭിക്കും. ഇല്ലെങ്കിൽ എങ്ങനെ സേവകരുണ്ടാകും. രാജധാനി ഇവിടെത്തന്നെയാണ് ഉണ്ടാകുന്നത്. വീട്ടുവേലക്കാർ, തോട്ടക്കാർ, ചണ്ഢാളൻ മുതലായ എല്ലാവരെയും ലഭിക്കും. ഇവിടെ രാജധാനി സ്ഥാപിതമാവുകയാണ്. അത്ഭുതമാണ്. ബാബ നമ്മെ ഇത്രയും ഉയർന്നതാക്കി മാറ്റുന്നു എങ്കിൽ ഇങ്ങനെയുള്ള ബാബയെ ഓർമ്മിച്ച് പ്രേമത്തിന്റെ കണ്ണുനീർ ഒഴുകണം.

നിങ്ങൾ മാലയിലെ മുത്താവുകയല്ലേ. പറയുന്നു ബാബാ അങ്ങ് എത്ര വിചിത്രനാണ്. എങ്ങനെ വന്ന് ഞങ്ങൾ പതിതരെ അങ്ങ് പാവനമാക്കി മാറ്റുന്നതിനായി പഠിപ്പിക്കുന്നു. ഭക്തിമാർഗ്ഗത്തിൽ നന്നായി ശിവന്റെ പൂജ ചെയ്യുന്നുണ്ട് പക്ഷേ ഇത് പതിതപാവനനാണ് എന്ന് അറിയുന്നേയില്ല, എന്നിട്ടും വിളിച്ചുകൊണ്ടേയിരിക്കുന്നു അല്ലയോ പതിതപാവനാ വരൂ, വന്ന് ഞങ്ങളെ പുഷ്പങ്ങളായ ദേവീ  ദേവതയാക്കി മാറ്റൂ. കുട്ടികളുടെ ആജ്ഞയെ ബാബ അനുസരിക്കുന്നു എന്നിട്ട് വരുമ്പോൾ പറയുന്നു കുട്ടികളേ, പവിത്രമായി മാറൂ. ഇക്കാര്യത്തിൽ തന്നെയാണ് ബഹളങ്ങളുണ്ടാകുന്നത്. ബാബ അത്ഭുതമല്ലേ. കുട്ടികളോട് പറയുന്നു എന്നെ ഓർമ്മിക്കൂ എങ്കിൽ പാപം ഇല്ലാതാകും. ബാബയ്ക്ക് അറിയാം നമ്മൾ ആത്മാക്കളോടാണ് സംസാരിക്കുന്നതെന്ന്. എല്ലാം ആത്മാവ് തന്നെയാണ് ചെയ്യുന്നത്, വികർമ്മം ചെയ്യുന്നതും ആത്മാവാണ്. ആത്മാവുതന്നെയാണ് ശരീരത്തിലൂടെ അനുഭവിക്കുന്നത്. നിങ്ങൾക്കുവേണ്ടി ട്രൈബ്യൂണൽ കോടതി ഉണ്ടാകും. പ്രത്യേകിച്ചും ആരാണോ സേവനത്തിന് യോഗ്യരായി മാറിയിട്ട് പിന്നീട് കുലദ്രോഹിയായി മാറുന്നത് അവർക്കുവേണ്ടിയാണ്. മായ എങ്ങനെയാണ് വിഴുങ്ങുന്നത് എന്ന് ബാബയ്ക്ക് അറിയാം. ബാബാ ഞങ്ങൾ തോറ്റുപോയി, മുഖം കറുപ്പിച്ചു...... ഇപ്പോൾ ക്ഷമിക്കൂ. ഇപ്പോൾ വീണു മായയുടേതായി മാറി എങ്കിൽ പിന്നെ ക്ഷമ എന്തിന്. അവർക്ക് പിന്നീട് വളരെ അധികം പരിശ്രമിക്കേണ്ടതായി വരും. വളരെ അധികം പേരുണ്ട് മായയോട് തോറ്റുപോകുന്നവർ. ബാബ പറയുന്നു  ഇവിടെ ബാബയുടെ പക്കൽ ദാനം നൽകിയിട്ട് പോകൂ പിന്നീട് തിരിച്ച് എടുക്കരുത്. ഇല്ലെങ്കിൽ നശിച്ചുപോകും. ഹരിശ്ചന്ദ്രന്റെ ഉദാഹരണമുണ്ടല്ലോ. ദാനം നൽകിയശേഷം വളരെ ശ്രദ്ധയോടെയിരിക്കണം. വീണ്ടും എടുത്താൽ നൂറുമടങ്ങ് ശിക്ഷ ലഭിക്കും. പിന്നീട് വളരെ കുറഞ്ഞ പദവി ലഭിക്കും. കുട്ടികൾക്ക് അറിയാം ഇവിടെ രാജധാനി സ്ഥാപിക്കുകയാണ്. മറ്റ് ധർമ്മങ്ങൾ സ്ഥാപിക്കുന്നവരുടെ രാജധാനി ആദ്യം ഉണ്ടാകില്ല. 5060 കോടിയാകുമ്പോഴാണ് രാജധാനി ഉണ്ടാകുന്നത്, അപ്പോഴാണ് സൈന്യമുണ്ടാകുന്നത്. ആദ്യം വരുന്നത് ഒന്നോ രണ്ടോ പേരായിരിക്കും പിന്നീടാണ് വൃദ്ധി നേടുന്നത്. നിങ്ങൾക്ക് അറിയാം ക്രിസ്തുവും ഏതെങ്കിലും വേഷത്തിൽ വരും . ആദ്യ നമ്പറിൽ ഉള്ളവർ യാചകന്റെ വേഷത്തിൽ അവസാന നമ്പറിൽ വരും. ക്രിസ്ത്യാനികൾ പെട്ടെന്ന് പറയും ക്രിസ്തു ഈ സമയത്ത് യാചകന്റെ രൂപത്തിലാണെന്ന്. പുനർജന്മം എടുക്കുകതന്നെ വേണം എന്ന് കരുതുന്നു. ഓരോരുത്തർക്കും തമോപ്രധാനമായി മാറണം. ഈ സമയത്ത് എല്ലാവരും തമോപ്രധാന

മായി ജീർണ്ണിച്ച അവസ്ഥയിലാണ്. ഈ പഴയ  ലോകത്തിന്റെ വിനാശം തീർച്ചയായും ഉണ്ടാകണം. ക്രിസ്ത്യൻസും പറയും ക്രിസ്തുവിന് 3000 വർഷങ്ങൾക്ക് മുമ്പ് സ്വർഗ്ഗമുണ്ടായിരുന്നു തീർച്ചയായും ഇനി വീണ്ടും ഉണ്ടാകും. പക്ഷേ ഈ കാര്യങ്ങൾ ആര് മനസ്സിലാക്കിത്തരും. ബാബ പറയുന്നു ഇപ്പോൾ കുട്ടികൾക്ക് ആ അവസ്ഥ എവിടെയുണ്ട്. ഇടക്കിടെ എഴുതുന്നു ഞങ്ങൾക്ക് യോഗത്തിൽ ഇരിക്കാൻ കഴിയില്ലായെന്ന്. കുട്ടികളുടെ പ്രവർത്തിയിൽ നിന്നും മനസ്സിലാക്കാം. ബാബയെ വാർത്ത അറിയിക്കുന്നതിനും കുട്ടികൾ പേടിക്കുന്നു. ബാബയാണെങ്കിൽ കുട്ടികളെ എത്ര സ്നേഹിക്കുന്നു. സ്നേഹത്തോടെ നമസ്ക്കരിക്കുന്നു. കുട്ടികൾക്കാണെങ്കിൽ അഹങ്കാരമുണ്ടാകും. നല്ല നല്ല കുട്ടികളേയും മായ മറപ്പിക്കുന്നു. ബാബയ്ക്ക് മനസ്സിലാക്കാൻ സാധിക്കും, പറയുന്നു ഞാൻ നോളേജ്ഫുള്ളാണ്. എല്ലാം അറിയുന്നയാളാണ് എന്നതിന്റെ അർത്ഥം ഞാൻ എല്ലാവരുടേയും ഉള്ള് അറിയുന്നു എന്നല്ല. ഞാൻ വന്നിരിക്കുന്നത് പഠിപ്പിക്കാനാണ് അല്ലാതെ മനസ്സ് വായിക്കാനല്ല. ഞാൻ ആരുടേയും മനസ്സ് വായിക്കുന്നില്ല, അതിനാൽ ഈ സാകാര ബാബയും മനസ്സ് വായിക്കുന്നില്ല. ബാബക്ക് എല്ലാം മറക്കണം. പിന്നെ എന്തിന് വായിക്കണം. നിങ്ങൾ ഇവിടെ വരുന്നത് തന്നെ പഠിക്കാനാണ്. ഭക്തിമാർഗ്ഗം തന്നെ വേറെയാണ്. താഴെ വീഴുന്നതിനും ഒരു ഉപായം ആവശ്യമാണല്ലോ. ഈ കാര്യങ്ങളാലാണ് നിങ്ങൾ വീഴുന്നത്. ഡ്രാമയുടെ ഈ കളി ഉണ്ടാക്കിയതാണ്. ഭക്തിമാർഗ്ഗത്തിലെ ശാസ്ത്രങ്ങൾ പഠിച്ച് പഠിച്ച് നിങ്ങൾ താഴെയ്ക്ക് വീണ് തമോപ്രധാനമായി മാറി. ഇപ്പോൾ ഈ മോശമായ ലോകത്തിൽ നിങ്ങൾക്ക് തീർത്തും വസിക്കേണ്ടതില്ല. കലിയുഗത്തിൽ നിന്നും സത്യയുഗം വരേണ്ടതുണ്ട്. ഇപ്പോൾ ഇത് സംഗമയുഗമാണ്. ഈ കാര്യങ്ങളെല്ലാം ധാരണ ചെയ്യണം. ബാബ തന്നെയാണ് മനസ്സിലാക്കിത്തരുന്നത് ബാക്കി എല്ലാവരുടേയും ബുദ്ധി ഗോഡ്റേജിന്റെ പൂട്ടുകൊണ്ട് പൂട്ടിയിരിക്കുകയാണ്. നിങ്ങൾക്ക് അറിയാം ഇവർ ദൈവീക ഗുണങ്ങളുള്ളവരായിരുന്നു പിന്നീട് ഇവർ തന്നെയാണ് ആസുരീയ അവഗുണങ്ങൾ നിറഞ്ഞവരായി മാറിയത്. ബാബ പറയുന്നു ഇപ്പോൾ ഭക്തിമാർഗ്ഗത്തിലെ കാര്യങ്ങളെല്ലാം മറന്നേക്കൂ. ഇപ്പോൾ ഞാൻ എന്താണോ കേൾപ്പിക്കുന്നത്, അത് കേൾക്കൂ, മോശമായത് കേൾക്കരുത്........ ഇപ്പോൾ എന്നിൽ നിന്നുമാത്രം കേൾക്കൂ. ഇപ്പോൾ ഞാൻ നിങ്ങളെ മോചിപ്പിക്കാൻ വന്നിരിക്കുകയാണ്.

നിങ്ങൾ ഈശ്വരീയ സമ്പ്രദായത്തിലാണ്. പ്രജാപിതാ ബ്രഹ്മാവിന്റെ മുഖകമലത്തിലൂടെയല്ലേ നിങ്ങൾ ജന്മമെടുത്തത്, ഇത്രയും കുട്ടികൾ ദത്തെടുക്കപ്പെട്ടതാണ്. ബ്രഹ്മാവിനെ ആദിദേവൻ എന്നാണ് വിളിക്കുന്നത്. മഹാവീരൻ എന്നും വിളിക്കുന്നു. നിങ്ങൾ കുട്ടികൾ മഹാവീരന്മാരല്ലേ നിങ്ങൾ യോഗബലത്തിലൂടെ മായയുടെ മേൽ വിജയം നേടുന്നു. ബാബയെ ജ്ഞാനസാഗരൻ എന്നാണ് വിളിക്കുന്നത്. ജ്ഞാനസാഗരനായ ബാബ നിങ്ങൾക്ക് അവിനാശി ജ്ഞാനരത്നങ്ങളാൽ സഞ്ചി നിറച്ചുതരികയാണ്. നിങ്ങളെ സമ്പന്നരാക്കി മാറ്റുന്നു. ആര് ജ്ഞാനം ധാരണ ചെയ്യുന്നുവോ അവർ ഉയർന്ന പദവി നേടും, ആര് ധാരണ ചെയ്യുന്നില്ലയോ അവർ തീർച്ചയായും കുറഞ്ഞ പദവിയാണ് നേടുക. ബാബയിൽ നിന്നും നിങ്ങൾ അളവില്ലാത്ത ഖജനാവ് പ്രാപ്തമാക്കുന്നു. അല്ലാഹുവിന്റെയും അലാവുദീനിന്റെയും കഥയുണ്ടല്ലോ. നിങ്ങൾക്ക് അറിയാം അവിടെ നമുക്ക് അപ്രാപ്തമായ ഒരു വസ്തുവും ഉണ്ടായിരിക്കില്ല. 21 ജന്മങ്ങളിലേയ്ക്കുള്ള സമ്പത്ത് ബാബ നൽകുന്നു. പരിധിയില്ലാത്ത ബാബ പരിധിയില്ലാത്ത സമ്പത്ത് നൽകുന്നു. പരിധിയുള്ള സമ്പത്തുകൾ ലഭിച്ചിട്ടും പരിധിയില്ലാത്ത ബാബയെ തീർച്ചയായും ഓർമ്മിക്കുന്നു അല്ലയോ പരമാത്മാവേ ദയ കാണിക്കൂ, കൃപ ചൊരിയൂ. ബാബ എന്ത് നൽകുന്നയാളാണ് എന്നത് ആർക്കെങ്കിലും അറിയുമോ. ഇപ്പോൾ നിങ്ങൾക്ക് അറിയാം ബാബ നമ്മളെ വിശ്വത്തിന്റെ അധികാരിയാക്കി മാറ്റുന്നു. ചിത്രങ്ങളിലും ബ്രഹ്മാവിലൂടെ സ്ഥാപന എന്ന് കാണിച്ചിട്ടുണ്ട്, ബ്രഹ്മാവ് സാധാരണമായി മുന്നിൽ ഇരിക്കുന്നുണ്ട്. സ്ഥാപന ചെയ്യുന്നുവെങ്കിൽ തീർച്ചയായും അവർ ഉണ്ടാകുമല്ലോ. ബാബ എത്ര നല്ലരീതിയിലാണ് മനസ്സിലാക്കിത്തരുന്നത്. നിങ്ങൾക്ക് പൂർണ്ണമായി മനസ്സിലാക്കിക്കൊടുക്കാൻ സാധിക്കില്ല. ഭക്തിമാർഗ്ഗത്തിൽ ശങ്കരനുമുന്നിൽ ചെന്ന് പറയുന്നു സഞ്ചി നിറച്ചുതരൂ. ഞങ്ങൾ ദരിദ്രരാണ് എന്ന് ആത്മാവാണ് പറയുന്നത്. ഞങ്ങളുടെ സഞ്ചി നിറയ്ക്കൂ ഞങ്ങളെ ഇങ്ങനെയാക്കി മാറ്റൂ. ഇപ്പോൾ നിങ്ങൾ സഞ്ചി നിറയ്ക്കാൻ വന്നിരിക്കുകയാണ്. ഞങ്ങൾ നരനിൽ നിന്നും നാരായണനായി മാറാൻ ആഗ്രഹിക്കുന്നു എന്ന് പറയുന്നു. ഈ പഠിപ്പ് നരനിൽ നിന്നും നാരായണനായി മാറാനുള്ളതാണ്. പഴയ ലോകത്തിൽ വരാൻ ആരാണ് ആഗ്രഹിക്കുക! പക്ഷേ പുതിയ ലോകത്തിൽ എല്ലാവർക്കും വരാൻ കഴിയില്ല. ചിലർ 25 ശതമാനം പഴയതാകുമ്പോൾ വരും. അല്പം കുറവ് എന്തായാലും ഉണ്ടാകുമല്ലോ. അല്പം സന്ദേശം ആർക്കെങ്കിലും നൽകിക്കൊണ്ടിരുന്നാലും നിങ്ങൾ തീർച്ചയായും സ്വർഗ്ഗത്തിന്റെ അധികാരിയായി മാറും. ഇപ്പോൾ എല്ലാവരും നരകത്തിന്റെ അധികാരിയാണല്ലോ. രാജാവും റാണിയും പ്രജകളും എല്ലാവരും നരകത്തിന്റെ അധികാരികളാണ്. അവിടെ ഇരട്ടക്കിരീടധാരികളായിരുന്നു. ഇപ്പോൾ അതില്ല. ഇപ്പോൾ ധർമ്മത്തെപ്പോലും ആരും മാനിക്കുന്നില്ല. ദേവീദേവതാ ധർമ്മം തന്നെ അവസാനിച്ചു. ധർമ്മമാണ് ശക്തി എന്ന് പാടാറുണ്ട്, ധർമ്മത്തെ അംഗീകരിക്കാത്തതിനാൽ ശക്തി ഉണ്ടാകുന്നില്ല. ബാബ മനസ്സിലാക്കിത്തരുന്നു മധുര മധുരമായ കുട്ടികളേ

നിങ്ങൾ തന്നെയാണ് പൂജ്യരിൽ നിന്നും പൂജാരിയായി മാറുന്നത്. 84 ജന്മങ്ങൾ എടുക്കുന്നുണ്ടല്ലോ. നമ്മൾ തന്നെ ബ്രാഹ്മണർ, ദേവത പിന്നീട് നമ്മൾ തന്നെയാണ് ക്ഷത്രിയർ........... ബുദ്ധിയിൽ ഈ മുഴുവൻ ചക്രവും വരുന്നുണ്ടല്ലോ. ഈ 84 ന്റെ ചക്രം നമ്മൾ കറങ്ങിക്കൊണ്ടേയിരിക്കും ഇപ്പോൾ നമുക്ക് വീണ്ടും തിരിച്ച് വീട്ടിലേയ്ക്ക് പോകണം. പതിതമായ ആർക്കും പോകാൻ കഴിയില്ല. ആത്മാവുതന്നെയാണ് പതിതവും പാവനവുമായി മാറുന്നത്. സ്വർണ്ണത്തിൽ കലർപ്പ് ചേരുമല്ലോ. ആഭരണത്തിൽ കലർപ്പുണ്ടാകില്ല, ഇതാണ് ജ്ഞാനത്തിന്റെ അഗ്നി ഇതിൽ നിങ്ങളുടെ മുഴുവൻ കറകളും ഇല്ലാതായി നിങ്ങൾ പക്കാ സ്വർണ്ണമായി മാറും പിന്നീട് ആഭരണവും നിങ്ങൾക്ക് നല്ലത് ലഭിക്കും. ഇപ്പോൾ ആത്മാവ് പതിതമായതിനാൽ പാവനമായവരുടെ മുന്നിൽ നമിക്കുന്നു. ചെയ്യുന്നത് മുഴുവൻ ആത്മാവാണല്ലോ. ഇപ്പോൾ ബാബ മനസ്സിലാക്കിത്തരുന്നു കുട്ടികളേ, കേവലം എന്നെ മാത്രം ഓർമ്മിക്കൂ എങ്കിൽ തോണി അക്കരെയെത്തും. പവിത്രമായി മാറി പവിത്രലോകത്തിലെത്തും. ഇപ്പോൾ ആര് എത്ര പുരുഷാർത്ഥം ചെയ്യുന്നുവോ അതിനനുസരിച്ചാണ്. എല്ലാവർക്കും ഈ പരിചയം നൽകിക്കൊണ്ടിരിക്കൂ. അത് പരിധിയുള്ള അച്ഛനാണ്, ഇത് പരിധിയില്ലാത്ത അച്ഛനാണ്. സ്വർഗ്ഗത്തിന്റെ സമ്പത്ത് നൽകാൻ സംഗമത്തിൽ തന്നെയാണ് ബാബ വരുന്നത്. എങ്കിൽ ഇങ്ങനെയുള്ള ബാബയെ ഓർമ്മിക്കേണ്ടിവരില്ലേ. എന്താ വിദ്യാർത്ഥികൾ എപ്പോഴെങ്കിലും ടീച്ചറെ മറക്കാറുണ്ടോ! പക്ഷേ ഇവിടെ മായ മറപ്പിച്ചുകൊണ്ടിരിക്കും. വളരെ ശ്രദ്ധയോടെയിരിക്കണം. യുദ്ധത്തിന്റെ മൈതാനമല്ലേ. ബാബ പറയുന്നു ഇപ്പോൾ വികാരത്തിലേയ്ക്ക് പോകരുത്, മോശമായി മാറരുത്. ഇപ്പോൾ സ്വർഗ്ഗത്തിലേയ്ക്ക് പോകണം. പവിത്രമായി മാറിയാലേ പവിത്രലോകത്തിന്റെ അധികാരിയാകാൻ സാധിക്കൂ. നിങ്ങൾക്ക് വിശ്വത്തിന്റെ ചക്രവർത്തീ പദവി നൽകുന്നു. കുറഞ്ഞ കാര്യമാണോ. കേവലം ഈ ഒരു ജന്മം പവിത്രമായിരിക്കൂ. ഇപ്പോൾ പവിത്രമായി മാറിയില്ലെങ്കിൽ താഴേയ്ക്ക് വീണുപോകും. വളരെ അധികം ആകർഷണങ്ങളുണ്ട്. കാമത്തിനുമേൽ വിജയം നേടുന്നതിലൂടെ നിങ്ങൾ ജഗദ്ജീത്തായി അധികാരിയായി മാറും. നിങ്ങൾക്ക് ഉറപ്പിച്ച് പറയാൻ കഴിയും പരമപിതാ പരമാത്മാവുതന്നെയാണ് മുഴുവൻ ജഗത്തിന്റെയും സദ്ഗതി ചെയ്യുന്ന ജഗദ്ഗുരു. ശരി!

വളരെക്കാലത്തെ വേർപാടിനു ശേഷം തിരിച്ചു കിട്ടിയ മധുരമധുരമായ കുട്ടികൾക്ക് മാതാവും പിതാവുമായ ബാപ്ദാദയുടെ സ്നേഹസ്മരണയും പുലർകാലവന്ദനവും ആത്മീയ അച്ഛന്റെ ആത്മീയ കുട്ടികൾക്ക് നമസ്കാരം.

### ധാരണയ്ക്കുള്ള മുഖ്യമായ സാരം :

1) അവിനാശീ ജ്ഞാനരത്നങ്ങളാൽ ബുദ്ധിയാകുന്ന സഞ്ചി നിറച്ച് സമ്പന്നരായി മാറണം. ഒരു പ്രകാരത്തിലുള്ള അഹങ്കാരവും കാണിക്കരുത്.

2) സേവനത്തിന് യോഗ്യരായി മാറിയിട്ട് പിന്നീട് ഒരിയ്ക്കലും കുലദ്രോഹിയായി മാറരുത്. ദാനം നൽകിയതിനുശേഷം വളരെ വളരെ കരുതലോടെ ഇരിക്കണം, ഒരിയ്ക്കലും തിരിച്ച് വാങ്ങണമെന്ന ചിന്തപോലും ഉണ്ടാകരുത്.

### വരദാനം : നേരിട്ട് പരമാത്മാ പ്രകാശത്തിന്റെ കണക്ഷനിലൂടെ അന്ധകാരത്തെ ഓടിക്കുന്ന ലൈറ്റ് ഹൗസായി ഭവിക്കട്ടെ.

താങ്കൾ കുട്ടികളുടെ അടുക്കൽ നേരിട്ട് പരമാത്മാ പ്രകാശത്തിന്റെ കണക്ഷനുണ്ട്. കേവലം പരമാത്മാ സ്മൃതിയുടെ സ്വിച്ച് നേരിട്ടുള്ള ലൈനിലൂടെ ഓൺ ചെയ്യൂ. എങ്കിൽ പ്രകാശം വരും. എത്ര തന്നെ ആഴമാർന്ന സൂര്യ പ്രകാശത്തെയും മറയ്ക്കുന്ന കരിമേഘമായാലും, അതും ഓടിപ്പോകും. ഇതിലൂടെ സ്വയവും പ്രകാശത്തിലിരിക്കാം, എന്നാൽ മറ്റുള്ളവർക്ക് വേണ്ടിയും ലൈറ്റ് ഹൗസായി മാറും.

### സ്ലോഗൻ – സ്വ പുരുഷാർത്ഥത്തിൽ തീവ്രമാകൂ എങ്കിൽ താങ്കളുടെ വൈബ്രേഷനിലൂടെ മറ്റുള്ളവരുടെ മായ സഹജമായി ഓടിപ്പോകും.